# ദശവാക്യാമൃതം

## ഏഴാം പർവ്വം

# ദശവാക്യാമൃതം നാലാം പര്‍വ്വം

താളിളക്കം

2020

പേര്: **ദശവാക്യാമൃതം ഏഴാം പർവ്വം**

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## THE DECALOGUE - THE SIXTH COMMANDMENT

### ദശവാക്യാമൃതം - ഏഴാം പൎവ്വം

ആറാം കല്പന: നീ കുല ചെയ്യരുതു.

ആരോടും അടിപിടി കൂടുകയും വല്ലവന്നും നഞ്ചും വിഷവും കൊടുക്കയും ആരേ യെങ്കിലും വെള്ളം തീ മുതലായവറ്റിൽ ഉന്തി ത ള്ളിയിട്ടു ജീവഹാനി വരുത്തു കയും വല്ലപ്രകാരം യാതൊരുവന്റെ ദേഹിദേഹങ്ങൾക്കു കേടു പിണെക്കുകയും ആപത്തു വരുത്തുകയും ചെയ്യരുതു എന്നു ഈ കല്പന വിലക്കുന്നു.

"ആരെങ്കിലും മനുഷ്യന്റെ രക്തത്തെ ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യനാൽ ചൊരിയിക്കപ്പെടേണം" എന്നു ജലപ്രളയത്തി ന്റെ ശേഷം പുതുവംശപിതാവി നോടു ദൈവം അരുളിയതു. അ തിന്റെ പൊരുളോ ഒരുവൻ കുല ചെയ്താൽ കോയ്മ അവന്റെ തല വെട്ടിയോ തൂക്കിയോ വെടിവെച്ചോ കൊല്ലിക്കേണം എന്നു തന്നേ. കോയ്മയുടെ അറിയായ്മയാലോ മറോ കുലക്കുറ്റം തെളിയാതെ പോയാലും ഹൃദ യജ്ഞാതാവും ന്യായാധിപതിയും കൎത്താവുമായ ദൈവത്തിന്റെ തിരുമുമ്പിൽ അവന്നു ഒളിച്ചോടിപ്പോകുവാൻ കഴിക യില്ല. ആയവൻ ആൎക്കും അറിയായി വരാത്ത കുലപാതകന്മാൎക്കും കൂടെ അവരവരുടെ ക്രിയെക്കു തക്ക പ്രതിഫലം അതിശയമാകുംവ ണ്ണം കൊടുക്കുന്നതു കാണ്മാനുണ്ടു. ഇഹത്തിൽ പരസ്യമാകാ ത്ത കു ലപാതകന്മാൎക്കു താൻ പരത്തിൽ ന്യായവിധി നടത്തുകയും ചെയ്യും.

സ്വീച്ച്ലാന്തു എന്ന ദേശത്തിലേ ഓശ്രൂരിൽ ദരിദ്രരായ അമ്മ യഛ്ശന്മാൎക്കു ഒരു മകൻ ഉണ്ടായിരുന്നു. അവൻ പണിക്കായിട്ടു നാ ടുവിട്ടു ദൂരദേശത്തു പോയി എഴു ത്തറിയായ്കകൊണ്ടു പെറ്റവൎക്കു ക ത്തയക്കുകയോ അവരിൽനിന്നു എഴുത്തു കി ട്ടുകയോ ചെയ്വാൻ പാ ടില്ലാതെ അഞ്ചാറു വൎഷം കഴിഞ്ഞതിൽ പിന്നേ താൻ വേണ്ടുന്ന മുതൽ സമ്പാദിച്ചു നാട്ടാധി പൊറുത്തു കൂടാഞ്ഞതുകൊണ്ടു അ വൻ ഒരു ചങ്ങാതിയോടു കൂടി സ്വദേശത്തിലേക്കു പുറപ്പെട്ടു. ഒരു നാൾ വൈകുന്നേരം തന്റെ ഊരിൽ എത്തിയപ്പോൾ തന്റെ മ്മയഛ്ശന്മാർ വളരെ വിസ്മയിച്ചു സന്തോ ഷിക്കേണ്ടതിന്നായി എന്തൊരു ഉപായം ചെയ്യേണം എന്നു ആലോചിച്ചു തന്റെ ചങ്ങാതിയോടു പറ ഞ്ഞതാവിതു: ഞാൻ ഇപ്പോൾ എന്റെ വീട്ടിലേക്കു ചെന്നു എന്നേ അ റിയിക്കാതെ രാ പാൎക്കേണ്ടതിനു പെറ്റോരോടു അപേക്ഷിക്കും. നീ വഴി യമ്പലത്തിലേക്കു പോയി നാള പുലൎച്ചെക്കു എന്റെ വീട്ടിൽ വന്നു എ ന്റെ അമ്മയഛ്ശന്മാരോടു എന്റെ പേരിൽ നിങ്ങളുടെ മകനെ ഞാൻ കാണ്മാൻ വന്നി രിക്കുന്നു എനു പറയേണം. നീ വരുവോളം ഞാൻ എ ഴുനീല്ക്കയില്ല. ഇങ്ങനേ ചെ യ്താൽ എന്റെ പെറ്റവൎക്കു വളരെ വിസ്മയ വും സന്തോഷവും ഉണ്ടാകും. അതിന്നു ചങ്ങാതി സമ്മതിച്ചു താൻ വ ഴിയമ്പലത്തിലേക്കു പോകയും ചെയ്തു. എന്നാൽ അവൻ തന്റെ വീട്ടി ലേക്കു ചെന്നു അമ്മയഛ്ശന്മാൎക്കു തന്നേ അറിയിക്കാതെ

രാത്രി താമസി ക്കേണ്ടതിന്ന വണക്കമായി അവരോടു അപേക്ഷിച്ചതിന്നു അവർ സമ്മ തിക്കായ്കയാൽ അവൻ മടിശ്ശീലയിൽനിന്നു ഒരു ഉറുപ്പിക എടുത്തു അവ ൎക്കു കൊടുത്തപ്പോൾ അവർ രാ തങ്ങുവാൻ അനുവദിച്ചു അവന്നു അത്താ ഴവും ഒരു കട്ടി ലും കോതടിയും കൊടുത്തു. അവൻ അത്താഴം ഉണ്ടശേ ഷം വഴിയാത്ര കൊണ്ടു നന്ന തളൎന്നിരിക്കയാൽ വീടെത്തിയ സന്തോഷ ത്തെ മറെച്ച കിടന്നു നന്നായി ഉറങ്ങി. വീട്ടുടയവൎക്കോ പരദേശിയുടെ കൈയിൽ ഉള്ള പണം പറ്റേണം എന്ന വിചാരം ഉണ്ടായിരുന്നതിനാൽ ഉറക്കു വന്നില്ല താനും. അങ്ങനെ ഇരിക്കുമ്പോൾ വീട്ടമ്മ തന്റെ കെട്ടി യവനോടു: നിങ്ങൾ ചെന്നു ആ പരദേശിയെ കൊന്നു വള പ്പിൽ മറ ചെ യ്തു കളക എന്നാൽ അവന്റെ കൈയിലുള്ള മുതലെല്ലാം നമുക്കെടു ക്കാം. അവൻ ആരും അറിയാതെ കണ്ടു. ഇങ്ങു വന്നതിനാൽ കാൎയ്യം പ്രസി ദ്ധ മാകയില്ല താനും എന്നു പറഞ്ഞു ഭൎത്താവിനെ ധൈൎയ്യപ്പെടുത്തി. പാതി രാക്കോ പരദേശി ഉറങ്ങുന്ന മുറിയിൽ വീട്ടപ്പൻ ചെന്നു നോക്കിയപ്പോൾ അവൻ ഗാഢനിദ്ര കൊണ്ടിരിക്കുന്നു എന്നു കണ്ടു പുലത്തിലുള്ള പാമ്പു വെറുതേ പോകുന്ന വനെ തീണ്ടുംപോലേ ആശ്വസിച്ചുറങ്ങുന്ന വഴിപോ ക്കനേ അവൻ വെണ്മഴുകൊ ണ്ടു കൊത്തി കണ്ടിച്ചു പറമ്പിൽ കൊണ്ടു പോയി മറ ചെയ്തുകളഞ്ഞു. പുലൎച്ചെക്കു മകന്റെ ചങ്ങാതി വന്നു: നി ങ്ങളുടെ മകന്റെ ഉറക്കു തെളിഞ്ഞില്ലയോ? അവനേ കണ്ടു സംസാരി ക്കേണ്ടതിന്നു ഞാൻ വന്നിരിക്കുന്നു എന്നതു കേട്ടപ്പോൾ അവർ: ഞങ്ങ ളുടെ മകൻ ഇവിടെ ഇല്ല. അവൻ നാടുവിട്ടു പോയിട്ടു അഞ്ചാറു കൊ ല്ലമാ യി. അയ്യോ! അവന്റെ ഒരു വൎത്തമാനവും ഞങ്ങൾ അറിയുന്നില്ല ല്ലോ എന്നു പറഞ്ഞതിന്നു അവൻ—: നിങ്ങൾ എന്തു പറയുന്നു? നിങ്ങ ളുടെ മകൻ ഇവിടേ ഇല്ലയോ? ഇന്നലേ സന്ധ്യെക്കു വന്നവൻ നിങ്ങളു ടെ മകൻ അല്ലയോ? അവൻ എവിടെ? എന്നതു കേട്ടപ്പോൾ അവർ: ഞങ്ങളുടെ അടുക്കേ ആരും വന്നു താമസി ച്ചിട്ടില്ല; ഇങ്ങനേത്ത എളിയ വരുടെ അടുക്കൽ ആരെങ്കിലും വന്നു പാൎക്കുമോ? എന്നു ചൊല്ലിയതിന്നു അവൻ: നിങ്ങൾ വെറുതെ പറയുന്നതെന്തു? എന്നോടു കൂ ടെ നിങ്ങളുടെ സ്വന്തമകൻ ഇന്നലേ ഈ ഊരിലേക്കു വന്നു തീൎത്തു പറഞ്ഞപ്പോൾ അ വർ പ്രാണൻ പോയവരെ പോലെ ആയ്തീൎന്നു. ഇനി തങ്ങളുടെ ദുഷ്കൎമ്മ ത്തെ മറെച്ചു വെപ്പാൻ കഴിവില്ലാതെ: ഞങ്ങൾ സ്വന്ത മകനെ കൊന്നു വല്ലോ എന്നു കരഞ്ഞും മുറയിട്ടും കൊണ്ടു പറഞ്ഞു. ഈ കുല നിമി ത്തം അവൎക്കു ദുഃഖവും ബു ദ്ധിഭ്രമവും പിടിച്ചതുമല്ലാതെ കോയ്മ അവൎക്കു മരണം വിധിച്ചതുകൊണ്ടു അവർ തൂങ്ങി ചാകേണ്ടി വരികയും ചെയ്തു. മകനെ തിരികേ കാണുന്ന സന്തോഷപ്പാ ലിൽ അവർ മരണവിഷം മന സ്സോടെ കലക്കിയതുകൊണ്ടു തങ്ങളുടെ കഴുത്തിൽ കുടുങ്ങിയ ചളുങ്ങയേ ക്കാൾ അതു തന്നെ അവരുടെ കഴുത്തു അറക്കുന്നതായിരു ന്നു.

ഹൊല്ലന്ത് രാജ്യത്തിൽ ഒരു ഗ്രഹസ്ഥന്ന തന്റെ ഭാര്യയോടു അനി ഷ്ടം തോന്നി അവളെ ചതികുല ചെയ്യേണം എന്നുള്ള പൈശാചിക ആലോചന കൊണ്ട് അല്പം വിഷം കൊണ്ടുവന്ന അവർ ഒരു ദിവസം ഉണ്മാൻ ഇരുന്നപ്പോൾ അവളോടു; ഇനിക്കു അല്പം ഉപ്പു വേണമെന്ന പറഞ്ഞതിനാൽ അതിന്ന വേണ്ടി അവൾ അടുക്കളയിലേക്കു എഴുനീറ്റു പോയ തക്കത്തിൽ അവളുടെ കറിച്ചാറ്റിൽ ആ വിഷം ഒഴിച്ചു അവൾ ഉപ്പു കൊണ്ടു കൊടുത്തശേഷം തനിക്കു ബദ്ധപ്പാടുണ്ടെന്ന ചൊല്ലി വേ ഗം പുറത്തുപോയി. അവളോ ഏതും ശങ്കിക്കാതെ തന്റെ കറി കൂട്ടുവാൻ ഭാവിച്ച സമയം അട്ടത്തുനിന്ന ഓരെട്ടുകാലി തന്റെ കിണ്ണത്തിൽ വീണ തു കണ്ടു മനം വെടിഞ്ഞതിനാൽ കൂട്ടുവാൻ ഉപേക്ഷിച്ചു അതിനെ എടു ത്തു കെട്ടിയവന്ന വേണ്ടി മൂടി വെക്കുകയും അവന്റേതു താൻ എടുത്തു കൂട്ടുകയും ചെയ്തു. ഭർത്താവു തിരിച്ചു വന്ന വിഷം ഭാര്യ കുടിച്ചു എന്ന വെച്ചു സന്തോഷിച്ച തന്റെ ഭക്ഷണം മുഴുവൻ കഴിച്ചു അതിനാൽ അ വന്ന കടുപ്പമായൊരു വയറു നൊമ്പലം തുടങ്ങി പൊറുപ്പാൻ പാടില്ലാ ഞ്ഞപ്പോൾ താൻ ഭാര്യെക്കു നഞ്ഞു കൊടുപ്പാൻ തുനിഞ്ഞ തു തനിക്കു തന്നെ ഫലിച്ചതുകൊണ്ടു താൻ കഴിച്ച കുഴിയിൽ താൻ വീണു എന്ന വൻ സ്വീകരിച്ചു മരിച്ചു.

ഇവ എല്ലാം കൊണ്ടും കാണായ്വരുന്നതു അന്യരെ കൊന്നുകളയുന്ന തു മാത്രമല്ല. തങ്ങൾക്കു തന്നേ നാശം പിണെക്കുന്ന ആത്മഹത്തിയും  കല്പന വിലെക്കിയിരിക്കുന്നു.

അതോ വല്ല കോപം നിമിത്തം തൂങ്ങിക്കളക കുടിപ്പക വീളുവാനും അയല്ക്കാരനെ കുടുക്കുവാനും അവന്റെ കിണറ്റിലോ കുളത്തിലോ വീണു ചാക ദുർമ്മാൎഗ്ഗം കൊണ്ടു പിണെച്ച മാനഹാനിയെ മറെപ്പാൻ മേത്തോ ന്നി നരിനാവു വിഷം മുതലായതു സേവിച്ചുകളക പൊറുത്തു കൂടാത്ത ദുഃഖം നിമിത്തം വല്ല വിധേന തന്റെ പ്രാണനേ കളക കുഡുംബക്കാ രോടു കലഹിച്ചോ കോയ്മയോടു പിഴെച്ചോ കാടു കയറി ഒളിച്ചു ജീവഹാ നി വരുത്തുക വെറുപ്പകൊണ്ടു പട്ടിണിയിടുക കുടി വ്യഭിചാരം അശുദ്ധി ശണ്ഠ മല്ലു കെട്ടു ഉറച്ചൽ തുടങ്ങിയുള്ളവറ്റാൽ പ്രാണനെ പോക്കുക എന്നിത്യാദി തങ്കലയും അതിന്നുള്ള ഒരുമ്പാടും കരുതിവിചാരവും അശേ ഷം  തിരുമൊഴി വിലക്കി അകറ്റുന്നു.

എന്നാൽ ഇതുമാത്രമല്ല തന്റെ സഹോദരനാകുന്ന യാതൊരു മനു ഷ്യനോടു വെറുതെ കോപിക്കയും അവനെ നാണം കെടുക്കുകയും പകെ ക്കുകയും പഴുതേ കുറ്റം വിധിക്കുകയും അവനെകൊണ്ടു കുരളയും അപ വാദവും പറകയും അവന്റെ നല്ല നാമത്തെ കെടുക്കുകയും അവന്റെ നന്മയെല്ലാം മുടക്കുകയും മാരണം ക്ഷുദ്രം മുതലായ പൈശാചിക ക്രിയ കളെകൊണ്ടു അവന്നു അപായം വരുത്തുകയും ചെയ്യുന്നതും കുട കുലപാ തകം തന്നേ. ഒടുവിൽ വല്ലവന്റെ നേരെ തനിക്കു കൈപ്പം

കാണരായ്മ യും പൊറുക്കരായ്മയും പകയും മറ്റും ഉണ്ടാകുന്നതു ദൈവം മുമ്പാകെ സാക്ഷാൽ കലപാതകം തന്നേ ആയിരിക്കുന്നു. ആകയാൽ തന്റെ സ ഹോദര നെ സ്നേഹിക്കാത്തവൻ കുലപാതകൻ എന്നു തിരുമൊഴിയുള്ള തിനാൽ യാതൊ രു മനുഷ്യനെ ഹീനജാതിയെന്നു വെച്ചു നിന്ദിച്ചു ധിക്ക രിക്കുന്നതും കൂടെ നരഹ ത്തി അത്രേ.

ഇപ്രകാരം എല്ലാം ചിന്തിച്ചാൽ മനുഷ്യൻ അത്യുന്നത ദൈവത്തിൻ സാദൃശ്യ ത്തിൽ ഉള്ളവനായിരിക്കകൊണ്ടു മനുഷ്യനെ മേല്പറഞ്ഞപ്രകാരം ഒടുക്കുന്നവൻ സൃഷ്ടാവിനെ തുഛ്ശീകരിക്കുന്നു. ഇങ്ങനെയുള്ളവർ അവന്റെ നീതിയുള്ള ന്യായ വിധിയിൽനിന്നു ഒഴിഞ്ഞു പോകയില്ല, താനും.

എന്നാൽ ജീവനെ നശിപ്പിക്കയല്ല അതിനെ രക്ഷിക്ക എന്നത്രേ  കല്പനയുടെ സാരം  കാൎയ്യം നമുക്കു സാധിപ്പാൻ വേണ്ടുന്ന ഉപായ ങ്ങൾ ആവിതു. തിന്മ യോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക. അയല്ക്കാരന്റെ ജീവന്നു ഹാനി വരാതെ തുണെക്കുന്നതു തന്റെ സ്വന്ത ജീവനെ പരിപാലിക്കുന്നതാകുന്നു. കത്തു ന്ന അയൽ വീട്ടിൻ തീ കെടുക്കു ന്നതു സന്ത വീട്ടിനെ തീ ഭയത്തിൽനിന്നു ഉദ്ധരി ക്കുന്നതു അത്രേ. കരയു ന്നവരോടു കൂടെ കരകയും സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്ക യും വേണം. എല്ലാ മനുഷ്യൎക്കു ആവോളം നന്മ ചെയ്കയും അവരെ കൊ ണ്ടു നന്മയെ പറകയും അവരിൽ സമാധാനം നടത്തിക്കയും അവരുടെ സങ്ക ടങ്ങളെ പോക്കുകയും ചെയ്ക. ബലത്തിന്നു കഴിയാത്തതു സ്നേഹത്തി ന്നു കഴിയും താനും. സകലത്തിലും പരമായി ശത്രുക്കളെ സ്നേഹിക്കയും പകെക്കുന്നവരിൽ പ്രിയം ഭാവിക്കയും ചെയ്യേണം എന്നതു ലോകരക്ഷി താവിൻ വഴിയത്രേ; സ്നേ ഹത്തിന്നു സ്നേഹമല്ലോ മുരടു. അപകാരിക്കുപ കാരം ചെയ്യുന്നതിൽ വല്ലഭനാക. പരമന്യായമോ ദയയത്രേ. ഇങ്ങനെ ഭയഭക്തിയോടും വിശ്വസ്തതയോടും ചെയ്യു ന്നവൻ സ്വൎഗ്ഗസ്ഥപിതാവി ന്റെ കുട്ടിയും ദൈവത്തെ ആത്മാവിലും സത്യത്തിലും ഉപാസിക്കുന്ന വൻ നിത്യജീവന്നു പങ്കാളിയും ആയിരിക്കേയുള്ളൂ.

പ്രസാധകർ

താളിളക്കം